(സി) ഉത്തരവു പുറപ്പെടുവിച്ചിരുന്നു.

(ഡി) അതു നടപ്പിലാക്കുന്നതിനു് കുറച്ചു് ബുദ്ധിമുട്ടു നേരിട്ടു. അതു നടപ്പിലാക്കുകയാണെങ്കിൽ ഡിഗ്രിക്കാർക്കു് കുറെ ദോഷം വരുമെന്നാണു് അറിയുന്നതു്.

(ഇ) ഡിഗ്രി ഹോൾഡേഴ്സും ഡിപ്ലോമാക്കാരും എന്നുള്ള ഒരു അനുപാതം വച്ചു് റിവർട്ടു ചെയ്തുകൊണ്ടാണു് അങ്ങനെ വന്നതു്.

ശ്രീ. ടി. കെ. കൃഷ്ണൻ : സർട്ടിഫിക്കറുള്ള ആൾക്കാരെക്കാൾ കൂടുതൽ സർവ്വീസുള്ള ഡിപ്ലോമ ഹോൾഡേഴ്സിനെ റിവർട്ടു ചെയ്തതായി അറിയാമോ ?

ശ്രീ. ടി. അബ്ദുൽ മജീദു് : സീനിയോറിറ്റി അനുസരിച്ചു് റിവർട്ടു ചെയ്താൽ മതിയെന്നു് ഉത്തരവു കൊടുത്തിട്ടുണ്ടു്.

ശ്രീ. ടി. കെ. കൃഷ്ണൻ : റിവർട്ടു ചെയ്യപ്പെട്ടവരുടെ ബ്രേക്കു് ആഫ് സർവ്വീസു് റെഗുലറൈസ് ചെയ്യുമോ ?

ശ്രീ. ടി. അബ്ദുൽ മജീദു് : അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. തോമസു് ജോൺ : എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. അബ്ദുൽ മജീദു് : ആരെയും പിരിച്ചു വിട്ടില്ല.

ഭൂവിതരണം.

* 1687. [3] ശ്രീ. കെ. കുഞ്ഞാമു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പാലക്കാടു്, കോഴിക്കോടു്, കണ്ണൂർ എന്നീ ജില്ലകളിലെ ഭൂവിതരണക്കമ്മിറ്റി ഇതിനകം എത്ര ഏക്കർ ഭൂമി വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ടെന്നു പറയാമോ ;

(ബി) ഉണ്ടെങ്കിൽ ഓരോ ജില്ലകളിലും എത്ര വീതം ; ഏവിടെയെല്ലാം ;

(സി) കാട്ടാമ്പള്ളി ജെയിൽ പറമ്പു് പുറമ്പോക്കു സ്ഥലത്തുനിന്നും ഗവണ്മെൻറു കുടിയിറക്കിയ ഹരിജനങ്ങളുടക്കം 47 കുടുംബങ്ങൾക്കു് ഭൂമി പതിച്ചു കൊടുക്കാൻ തീരുമാനം ഉണ്ടായിട്ടും ഇതുവരെ ഭൂമി വിതരണം ചെയ്യാത്തതിൻറെ കാരണം എന്താണു് ;

(ഡി) അവർക്കു കുടിൽ കെട്ടി താമസിക്കുന്നതിനു് ഭൂമി അടിയന്തിരമായി വിതരണം ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ, ബി) കോഴിക്കോടു ജില്ലയിൽ ബേകൂർ താലൂക്കു് ഒഴികെ ബാക്കി എല്ലാ താലൂക്കുകളിലുംകൂടി 1396 ഏക്കർ 30 സെൻറും, കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കൊഴികെ മറ്റുള്ള താലൂക്കുകളിൽ 462 ഏക്കർ 88 സെൻറും ഭൂമി വിതരണം ചെയ്തു. പാലക്കാടു് ഡിസ്ട്രിക്ടിലെ കണക്കു് കിട്ടിയിട്ടില്ല.

(സി) കാട്ടാമ്പള്ളിയിൽ നിന്നിറക്കപ്പെട്ട ഹരിജനങ്ങളിൽ അർഹരായവരുൾപ്പെടെ 47 പേർക്കു് 9 സെൻറു ഭൂമി വീതം കൊടുക്കുവാനും എട്ടു് സെൻറു് ഒരു വഴിയുടെ ആവശ്യത്തിനു മാറ്റി വയ്ക്കുവാനുമാണു് കളക്ടർ നിർദ്ദേശിച്ചിട്ടുള്ളതു്. എന്നാൽ ഭൂവിതരണക്കമ്മിറ്റി നിർദ്ദേശിച്ചതു് പത്തു സെൻറു സ്ഥലം ഒരു പൊതു കക്കൂസു് നിർമ്മിക്കുന്നതിനുവേണ്ടിയും 35 സെൻറു

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം വഴിയുടെ ആവശ്യത്തിനും മാറി വച്ചതിനുശേഷം ബാക്കിയുള്ള മൂന്ന് ഏക്കർ 86സെൻറ് സ്ഥലം 47 പേർക്കായി എട്ടും ഒമ്പതും സെൻറ വീതം കൊടുക്കണമെന്നാണ്. 47 പേർക്കും അപ്രകാരം സമ്മതമാണെങ്കിൽ കമ്മിറ്റിയുടെ നിർദ്ദേശം നടപ്പിലാക്കിക്കൊള്ളുവാൻ കളക്ടർ സമ്മതിക്കുകയുണ്ടായി. എന്നാൽ ഒരാൾ മാത്രം വിസമ്മതിച്ചുകൊണ്ട് അതിനെ എതിർത്തിട്ടുണ്ട്. അതുകൊണ്ട് ആ സ്ഥാനത്തേയ്ക്ക് പുതിയ ഒരാളെ തിരഞ്ഞെടുക്കേണ്ടതായിട്ടുണ്ട്. കമ്മിറ്റി വീണ്ടും കൂടി പകരം ഒരാളെ തിരഞ്ഞെടുത്തുകൊണ്ടുണ്ട്.

(ഡി) സി-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല

ശ്രീ. കെ. കുഞ്ഞാമു : ഹരിജനങ്ങളല്ലാത്തവർക്ക് ഭൂമി കൊടുത്തതിൻെറ ഫലമായി അവിടത്തെ കമ്മ്യൂണിസ്റ്റ് പ്രവർത്തകർ ഹരിജനങ്ങളുടെകൂടെ ചേർന്ന പ്രവർത്തിക്കുന്നതുകൊണ്ടാണ് അവിടത്തെ ഭൂമിവിതരണം നീട്ടിക്കൊണ്ടു പോകുന്നതെന്ന് അറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : കമ്മ്യൂണിസ്റ്റ് പ്രവർത്തകർ അവിടെ താമസിക്കുവാൻ പോകുന്നുണ്ടോ എന്ന് എനിക്ക് അറിഞ്ഞുകൂടാ.

ശ്രീ. കെ. കുഞ്ഞാമു : അവിടത്തെ ഭൂമി വിതരണം തടയപ്പെടുവാൻ വേണ്ടി കമ്മ്യൂണിസ്റ്റ് പ്രവർത്തകർ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെയുള്ള വിവരം ഗവണ്മെൻറിന് അറിഞ്ഞു കൂടാ. വരാൻ ഇടയില്ല.

ശ്രീ. എം. എം. മത്തായി : ഒരാൾ ഒഴിച്ച് ബാക്കി 46 പേർക്ക് അവിടെ ഭൂമി കൊടുത്തിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : കാളനൈസേഷൻ സ്കീം അനുസരിച്ച് അവർക്ക് വീടു വച്ചുകൊടുക്കുവാനാണ് പറഞ്ഞിട്ടുള്ളത്. അവിടെ താമസിക്കേണ്ട ആളുകളെ തെരഞ്ഞെടുത്തു കഴിഞ്ഞു.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇതിൽ കളക്ടറും കമ്മിറ്റിയും ഓരോ തീരുമാനമെടുക്കുകയും അതിന്മേൽ റവന്യൂബോർഡിൽ അപ്പീൽ ഉണ്ടാകുകയും റവന്യൂബോർഡിൽനിന്നും ഒരു തീരുമാനം ഉണ്ടാകുകയും ചെയ്യുന്നു. റവന്യൂ ബോർഡിൽനിന്നുണ്ടായ അപ്പീൽ തീരുമാനം എന്തുകൊണ്ടാണ് കളക്ടരെക്കൊണ്ട് നടപ്പിലാക്കാത്തത് ?

ശ്രീമതി കെ. ആർ. ഗൗരി : 46 ആളുകളെ സമ്മതിച്ചു കഴിഞ്ഞു. ഒരാൾ സമ്മതിച്ചിട്ടില്ല. സമ്മതിക്കാത്ത ഒരാൾക്കു പകരം വേറെ ഒരാളെ എടുക്കുവാൻ കമ്മിറ്റിയോടു് ആവശ്യപ്പെട്ടിരിക്കുകയാണ്. കമ്മിറ്റി എടുത്ത തീരുമാനം കളക്ടർ അംഗീകരിക്കുകയല്ല ചെയ്തത്. തള്ളിക്കളഞ്ഞു. കളക്ടരുടെ തീരുമാനം Board അംഗീകരിച്ചു.

ശ്രീ. എം നാരായണക്കുറുപ്പ് : സമ്മതിച്ച 46 ആളുകൾക്ക് ഭൂമി കൊടുത്തിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : 47 ആളുകളെ തെരഞ്ഞെടുത്തു. അതിൽ ഒരാൾക്ക സമ്മതമില്ലെന്നു പറഞ്ഞു. അതുകൊണ്ട് വേറൊരാളെ തെരഞ്ഞെടുക്കുവാൻ പോകുകയാണ്. 46 ആളുകൾക്ക് അസൈൻസർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ടോ എന്ന് അറിഞ്ഞുകൂടാ.

ശ്രീ. സി. എ. മാത്യു : ഒരാൾ മാത്രം തെറ്റിയിരുന്നാലും 46 ആളുകൾക്ക കൊടുക്കുവാൻ എന്താണ് വിരോധം ?

ശ്രീമതി കെ. ആർ. ഗൗരി : ഇത് ഒരു കാളനൈസേഷൻ സ്കീമായിട്ട പ്രവർത്തിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. വെറുതെ ഭൂമി കൊടുക്കുവാനല്ല. ഭൂമിയിൽ വീടുകെട്ടി കൊടുക്കുവാനാണ് പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കറുപ്പ്: ഭൂമി ഇന്നയിന്ന ആളുകൾക്ക് കൊടുക്കണമെന്ന പറഞ്ഞുകഴിഞ്ഞാൽ അതോടുകൂടി കമ്മിറ്റിയുടെ ഉത്തരവാദിത്വം തീരുകയില്ലേ?

ശ്രീമതി കെ. ആർ. ഗൗരി: കമ്മിറ്റിയുടെ തീരുമാനത്തിന് കളക്ടർക്ക് അപ്പീൽ പോയപ്പോൾ കളക്ടർ അതു സമ്മതിച്ചില്ല. പിന്നീട് റവന്യൂ ബോർഡിൽ അപ്പീൽപോയപ്പോൾ കളക്ടരുടെ തീരുമാനം റവന്യൂബോർഡ് ശരിവച്ചു എന്നാണ് പറയുന്നത്.

ശ്രീ. പി. രാമുണ്ണിക്കറുപ്പ്: കമ്മിറ്റി ഇന്നയിന്ന ആളുകൾക്ക് കൊടുക്കണമെന്ന തീരുമാനിച്ചുകഴിഞ്ഞാൽ അതോടുകൂടി കമ്മിറ്റിയുടെ ഉത്തരവാദിത്വം തീരുകയില്ലേ? കമ്മിറ്റിയുടെ തീരുമാനത്തിന്മേൽ അപ്പീൽ പോകുകയാണെങ്കിൽ ബോർഡിന്റെ തീരുമാനമനുസരിച്ച് പിന്നീട് കളക്ടർ പ്രവർത്തിച്ചാൽപോരേ?

ശ്രീമതി കെ. ആർ. ഗൗരി. സമ്മതിക്കാത്ത ഒരാൾക്ക് പകരം വേറെ ഒരാളെ തിരഞ്ഞെടുക്കണം. പുതുതായിട്ട് ഒരാളെ തിരഞ്ഞെടുക്കണമെങ്കിൽ അതിന് കമ്മറ്റിതന്നെ വേണം.

ശ്രീ. സി. എച്ച്. കണാരൻ: കോഴിക്കോട്ടുജില്ലയിൽ വിതരണംചെയ്തിടത്തോളം ഭൂമി കണ്ണൂർ ജില്ലയിൽ വിതരണം ചെയ്യാതിരിക്കാൻ കാരണമെന്താണ്?

ശ്രീമതി കെ. ആർ. ഗൗരി: അതു രണ്ടു പക്ഷേ കമ്മിറ്റി ക്രടാഞ്ഞിട്ടായിരിക്കാം.

ശ്രീ. കെ. കൊച്ചുകുട്ടൻ: 46 പേരെ തിരഞ്ഞെടുത്തു എന്നു പറഞ്ഞു. എന്നാണ് ഇവരെ തിരഞ്ഞെടുത്തതെന്നു പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: എന്നാണ് തിരഞ്ഞെടുത്തതെന്നുള്ള വിവരം ഇതിലില്ല. 46 പേരെ തിരഞ്ഞെടുത്തു; രണ്ടുപേരെ തിരഞ്ഞെടുക്കുവാൻ നിശ്ചയിച്ചിരിക്കുകയാണ് എന്നാണ് അറിയിച്ചിരിക്കുന്നത്.

ശ്രീ. കെ. കൊച്ചുകുട്ടൻ: അവരെ കയറി താമസിപ്പിക്കുന്നതിനു തീരുമാനിച്ചിട്ട് വളരെക്കാലമായി; എങ്കിലും അവരെ കയറി താമസിപ്പിക്കാതിരിക്കുന്നതിനു ഗവണ്മെന്റിനുള്ള നിർബന്ധം എന്താണ്?

ശ്രീമതി കെ. ആർ. ഗൗരി: അവരെ തിരഞ്ഞെടുത്തിട്ട് വളരെക്കാലമായില്ല.

ശ്രീ. ടി. കൃഷ്ണൻ: ഈ സർക്കാരിന്റെ ഭൂവിതരണപദ്ധതി എന്നാണ് പ്രഖ്യാപിക്കപ്പെട്ടതെന്നു പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: അതു എന്നാണെന്നു ഇപ്പോൾ അറിഞ്ഞുകൂടാ. Gazette-ൽ ഉണ്ടായിരുന്നു.

ശ്രീ. ഇ. ടി. കുഞ്ഞൻ: പാലക്കാട് ഡിസ്ട്രിക്ടിൽ ഭൂമി വിതരണം ചെയ്യാതിരിക്കാൻ കാരണമെന്താണ്?

ശ്രീമതി കെ. ആർ. ഗൗരി: പാലക്കാട് ഡിസ്ട്രിക്ടിൽ ഭൂമി വിതരണം ചെയ്യുന്നതിനെ സംബന്ധിച്ച് കളക്ടരുടെ റിപ്പോർട്ട് കിട്ടിയിട്ടില്ല. അതുകൊണ്ടാണ് പാലക്കാട് ഡിസ്ട്രിക്ടിലെ കണക്കു കിട്ടിയിട്ടില്ലെന്നു പറഞ്ഞത്. വിതരണം ചെയ്തിട്ടില്ല എന്നു പറയുവാൻ സാധ്യമല്ല.

ശ്രീ. കെ. കുഞ്ഞാമു: രാമൻ നിരസിച്ചു എന്നു പറഞ്ഞല്ലോ? എന്തു കാരണം പറഞ്ഞാണ് നിരസിച്ചതെന്നു പറയാമോ?

ശ്രീമതി കെ. ആർ. ഗൗരി: അതെനിക്കറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly